സൂചിക പുതുക്കി നിശ്ചയിക്കുന്നതിനായി പുതിയ കുടുംബ ബഡ്ജറ്റ് സർവ്വേ നടത്താൻ സർക്കാർ ഉത്തരവ് ആയിട്ടുണ്ട്. സർവ്വേ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പുതിയ സർവ്വേ നടത്തുന്നതിനുള്ള മേൽനോട്ടം വഹിക്കുന്നതിനുള്ള കമ്മിറ്റി ഓഫ് ഡയറക്ഷൻ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഉപഭോക്തൃവില സൂചികയും റിങ്കിംഗ് ഫാക്ടറും പുതുക്കി നിശ്ചയിക്കുന്നതിനുള്ള എല്ലാ നടപടികളും ഈ കമ്മിറ്റിയുടെ നിർദ്ദേശങ്ങൾക്ക് വിധേയമായിരിക്കും.

(2) സാക്ഷരത പ്രേരക്മാരുടെ ഓണറേറിയം

ശ്രീ. വി. ജയരാജൻ : സർ, നമ്മുടെ സംസ്ഥാനത്തിന്റെ സമ്പൂർണ്ണ സാക്ഷരതാ പ്രഖ്യാപനത്തിനുശേഷം അനൗപചാരിക വിദ്യാഭ്യാസ മേഖലയിൽ നടത്തിയിട്ടുള്ള ഏറ്റവും പ്രധാനപ്പെട്ട സേവനം സാക്ഷരതാ മിഷന്റെ തുടർവിദ്യാഭ്യാസ പ്രവർത്തനമാണ്. ജീവിതത്തിന്റെ ആദ്യകാലത്ത് സ്കൂളിൽ പോകാൻ കഴിയാതെ പഠനം മുടങ്ങി പോയിട്ടുള്ളവർക്ക് ഏറ്റവും വലിയ സഹായമാണ് സാക്ഷരതാ മിഷൻ നടത്തിയ പ്രവർത്തനം. നാലാം ക്ലാസ് തുല്യത, ഏഴാം ക്ലാസ് തുല്യത, പത്താം തരം തുല്യത പരീക്ഷ പാസ്സായി അതിന്റെ സർട്ടിഫിക്കറ്റോടുകൂടി വിവിധ മേഖലകളിൽ ഇന്ന് ഗുണകരമായിട്ടുള്ള നിലയിൽ പ്രവർത്തിക്കുന്ന ആയിരക്കണക്കായ ആളുകളുണ്ട്. അവർക്ക് ഈ പഠന പ്രവർത്തനങ്ങൾക്ക് സഹായം ചെയ്യുന്ന സാക്ഷരതാ പ്രേരക്മാർക്ക് വലിയ ഒരു തുക മാത്രമേ പ്രതിഫലമായിട്ട് കിട്ടുന്നുള്ളു. പ്രേരക്മാർക്ക് 900 രൂപയും അസിസ്റ്റന്റ് പ്രേരക്മാർക്ക് 700 രൂപയുമാണ് കിട്ടുന്നത്. ഒരു മാസം എങ്ങനെയാണ് അവരുടെ ജീവിത ചെലവുമായി പൊരുത്തപ്പെടാൻ കഴിയുക. കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക സഹായത്തോടുകൂടിയാണ് ഈ പ്രവർത്തനം നടത്തിവന്നിരുന്നത്. കേന്ദ്ര ഗവൺമെന്റ് ആ സഹായം ഇപ്പോൾ നിർത്തിയിരിക്കുകയാണ്. പക്ഷേ ബഹുമാനപ്പെട്ട സംസ്ഥാന വിദ്യാഭ്യാസ വകുപ്പുമന്ത്രി അതിനുവേണ്ടി നടത്തിയ പരിശ്രമത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ഗവൺമെന്റ് തന്നെ അതിന് ബഡ്ജറ്റ് വിഹിതം വകയിരുത്തിയിരിക്കുകയാണ്. ആയിരക്കണക്കായ സാക്ഷരത പ്രേരക്മാർക്ക് ഇപ്പോൾ കിട്ടുന്ന തുച്ഛമായിട്ടുള്ള ഓണറേറിയം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രി നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) : സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ കേന്ദ്ര ഗവൺമെന്റിന്റെ സഹായം, സംസ്ഥാന ഗവൺമെന്റിന്റെ ബഡ്ജറ്റ് വിഹിതം, സ്വയാർജ്ജിതമായ വരുമാനം എന്നിവ മൂന്നുംകൂടി ചേർത്തുകൊണ്ടാണ് ഈ പ്രേരക്മാർക്ക് ഒരു വലിയ ആശ്വാസമെന്ന നിലയ്ക്ക് സാമ്പത്തിക സഹായം നൽകിപ്പോരുന്നത്. നമ്മൾ ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് പൊതുവിൽ നൽകിയിട്ടുള്ള സന്ദേശം, ഇത് വരുമാനം ലക്ഷ്യം വച്ചുകൊണ്ടുള്ള ഒരു പ്രവർത്തനമായി സാക്ഷരതാ പ്രവർത്തനം കാണരുത്, സമൂഹത്തോടുള്ള തങ്ങളുടെ ഒരു സേവനം നിറവേറ്റുന്നതിന്റെ ഭാഗമായി സാക്ഷരതാ പ്രവർത്തനത്തെ കാണണമെന്നാണ്. അതേ സമയം

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ ഇവർക്ക് ജീവിക്കാൻ മറ്റ് മാർഗ്ഗങ്ങളും വേറെ വരുമാനങ്ങളും ഇല്ല. ഇതെല്ലാം പരിഗണിച്ചുകൊണ്ട് കേന്ദ്രത്തിന്റെ സഹായം പ്രതീക്ഷിക്കുന്നുണ്ട് ആ സഹായം ഉണ്ടാകുമോ ഇല്ലയോ എന്നുള്ള കാര്യം ഇപ്പോൾ വ്യക്തമല്ല. ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള സാക്ഷരതാ നയം അത് സ്ത്രീ സാക്ഷരതയ്ക്ക് ഊന്നൽ കൊടുക്കുന്നതാണ്. അത് നമുക്ക് സ്വഗതം ചെയ്യാം. പക്ഷേ അതിന് മാനദണ്ഡമായി നിശ്ചയിച്ചിട്ടുള്ളത് സ്ത്രീ സാക്ഷരത ദേശീയ ശരാശരിയെക്കാൾ കുറഞ്ഞ സംസ്ഥാനങ്ങൾക്ക് മാത്രമേ കേന്ദ്ര ഗവൺമെന്റ് പദ്ധതികളിൽ ഉൾപ്പെടാൻ അവസരം ഉള്ളൂവെന്നുള്ളതാണ്. ഇങ്ങനെ വരുമ്പോൾ കേരളത്തിലെ എല്ലാ ജില്ലകളിലും സ്ത്രീ സാക്ഷരത ദേശീയ ശരാശരിയെക്കാൾ ഉയർന്നതാണ്. അതുകൊണ്ട് സാക്ഷരതാ പ്രവർത്തന രംഗത്ത് കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക സഹായം ലഭ്യത്തിൽ നിഷേധിക്കുന്ന ഒരു അത്യന്തം ഉത്കണ്ഠാജനകമായ സമീപനവിശേഷമാണ് ഇപ്പോഴുള്ളത്. ഈ സഭ ഏകകണ്ഠമായി കേന്ദ്ര ഗവൺമെന്റിന്റെ ഈ മാനദണ്ഡം കേരളത്തിന് ദ്രോഹകരമാകാത്ത വിധത്തിൽ പുതുക്കി നിശ്ചയിക്കണം എന്ന് ആവശ്യപ്പെടാൻകൂടി ഈ സന്ദർഭം ഉപയോഗപ്പെടുത്തണം എന്നാണ് എനിക്ക് പറയാനുള്ളത്. സാക്ഷരതാ പ്രേരക്മാരുടെ ഇന്നത്തെ തുച്ഛമായ വരുമാനം അവരുടെ ജീവിതത്തിൽ ഒട്ടും പ്രയോജനപ്രദമല്ല എന്ന് മനസിലാക്കുന്നു. ഈ സഭയിലെ തന്നെ ശ്രീമതി കെ. കെ. ശൈലജ ടീച്ചറുടെ നേതൃത്വത്തിലുള്ള ഒരു കമ്മിറ്റി ഇതാകെ പരിശോധിച്ചിരുന്നു. സാക്ഷരതാ പ്രവർത്തനവും തുല്യതാപഠന പരിപാടിയും എല്ലാം പുനരാവിഷ്കരിച്ച് കേരളത്തിന്റെ അനുഭവ സമ്പത്തുകൂടി ഉൾക്കൊള്ളിച്ചുകൊണ്ട് നടപ്പാക്കാനാണ് നമ്മൾ ഉദ്ദേശിക്കുന്നത്. അതിന്റെ ഭാഗമായി 'അമ്മ' കേരളാ മിഷൻ എന്ന നിലയിൽ പുനർനാമകരണം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. യഥാർത്ഥത്തിൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സാക്ഷരതാ മിഷന്റെ ആദ്യത്തെ ഒരു യോഗം ഇന്ന് ഇത്തരം കാര്യങ്ങൾ ചർച്ച ചെയ്യാൻ പോവുകയാണ്. സഭയിൽ ഈ വിഷയം ഉന്നയിച്ചിരിക്കുന്ന സമിതിക്ക് ഇന്ന് ലഭിച്ചുകൊണ്ടിരിക്കുന്ന തുകയ്ക്ക് പുറമെ ബഡ്ജറ്റിനകത്ത് ഉൾക്കൊള്ളിച്ചിട്ടുള്ള പണം ഉപയോഗിച്ചുകൊണ്ടും സാക്ഷരതാ പ്രേരക്മാർ അവരുടെ പ്രവർത്തനത്തിന് 1,600 രൂപ പ്രതിമാസം അവരുടെ സേവനത്തിന് പ്രതിഫലമായി ഓണറേറിയമായി നൽകുന്നു. 500 രൂപയുടെ വർദ്ധനവാണ് ഇതിലൂടെ ഇപ്പോൾ നടപ്പിലാകുന്നത്. കേന്ദ്ര ഗവൺമെന്റിൽ നിന്ന് കൂടുതൽ സാമ്പത്തികം നേടിയെടുക്കാൻ കഴിയുകയാണെങ്കിൽ അതും സാക്ഷരതാ പ്രവർത്തകർക്ക് ഓണറേറിയമായി നൽകുന്നതാണ് എന്ന് പ്രഖ്യാപിക്കുകയാണ്.

(3) നിലമ്പൂർ ആസ്ഥാനമായി മിനി സിവിൽസ്റ്റേഷൻ

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, എന്റെ നിയോജകമണ്ഡലത്തിൽ 1995-ലാണ് ഒരു താലൂക്കുണ്ടായത്. ആ താലൂക്കിൽ പല ആഫീസുകളും പ്രവർത്തിക്കുന്നുണ്ട്. പക്ഷേ അതിനൊന്നും സൗകര്യമില്ല. അവിടെ ഒരു സിവിൽ സ്റ്റേഷനുവേണ്ടി, 1996 മുതൽ ബഡ്ജറ്റിൽ തുക വകയിരുത്തിവരുന്ന